
Monthly Price Rs. [illegible]/- [illegible]

# [illegible]



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ "പാപമോചനം"

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ↑ | ↑ | ↑ | ↑ | ↑ | ↑ |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

// THE BIBLE TRUTH

Editors

P.K. VARGHESE J.C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 23 September 2008 No.6

# എഡിറ്റോറിയൽ

ക്രിസ്തീയ ജീവിതത്തിൽ കഷ്ടതകളും ഉപദ്രവങ്ങളും ആരംഭം മുതൽ ഉണ്ടാകുന്നുണ്ട്. എന്തുകൊണ്ടാണ് ക്രിസ്ത്യാനി ഉപദ്രവിക്കപ്പെടുന്നത് അല്ലെങ്കിൽ കഷ്ടപ്പെടുന്നതു എന്നും അതിന്റെ ഫലവും ഓരോ ക്രിസ്ത്യാനിയും തിരിച്ചറിയേണ്ടതുണ്ട്. ക്രിസ്ത്യാനിത്വത്തെ തന്നെ എല്ലാവരും തിരിച്ചറിയണം. നന്മയെ തിന്മ എതിർക്കുന്നു. സത്യത്തെ അസത്യം കൊണ്ടു തടുക്കുന്നു. ഇതു ദൈവത്തിനും ദൈവത്തിന്റെ പദ്ധതിക്കും എതിരായ പ്രവർത്തനമാണ്. ദൈവദൂതന്മാർക്കിടയിൽ പ്രഥമസ്ഥാനം ആഗ്രഹിച്ചതു മുതൽ അതാരംഭിക്കയാണ്. ദൈവത്തിന്റെ പ്രവൃത്തിയിലുള്ള അതൃപ്തി വിദ്വേഷമായി തീരുന്നു. അതിന്റെ ഫലമായി എതിരായി നിലകൊള്ളുന്നു. ഇത്തരം മനോഭാവം ആരിൽ വന്നാലും അതയാളെ നശിപ്പിക്കും. സ്വർഗ്ഗത്തിൽ വസിക്കുന്നതിനുള്ള അവകാശം സ്വയം ഇല്ലാതാക്കിയ ദൂതനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. ഒരിക്കലും തിരിച്ചു സ്വർഗ്ഗത്തിലെത്തുവാൻ കഴിയാത്ത വിധത്തിൽ ദൈവത്തിൽ നിന്നു ആ ദൂതൻ വേർപെട്ടു. അവനോടുകൂടെയുള്ളവരും ചേർന്നു ദൈവദൗത്യത്തിനെതിരായി പ്രവർത്തിക്കയാണ്. അങ്ങനെ ഭൂമിയിൽ സ്വന്ത സാദൃശത്തിൽ വസിപ്പാൻ ആക്കിയ മനുഷ്യരിൽ പിശാചു പ്രവർത്തിച്ചു തുടങ്ങി. ദൈവ പദ്ധതി എല്ലായ്പ്പോഴും മനുഷ്യരുടെ നന്മക്കുവേണ്ടിയായിരുന്നു. പക്ഷെ പിശാചു മനുഷ്യരെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ കഷ്ടതയുടെ ഉറവിടം

നാം അറിഞ്ഞാൽ അതു വളരെ പ്രയോജനം ചെയ്യും.

പിതാക്കന്മാരുടെ കാലത്തിൽ വിശ്വാസത്തോടെ ജീവിച്ചിരുന്ന അനേകം ദൈവ പുരുഷന്മാരുണ്ടായിരുന്നു. അവർക്കെതിരായും പല രീതിയിലുള്ള കഷ്ടങ്ങളും ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ട്. അനീതിയിൽ രസിക്കുന്ന മനുഷ്യരാണ് നീതിമാന്മാരായി ജീവിക്കുന്നവരോടു നീരസപ്പെടുന്നത്. ആദാമിന്റെ മക്കളായിരുന്ന കയ്യീനും ഹാബേലും ദൈവത്തിനു യാഗം കഴിച്ചപ്പോൾ ഹാബേലിന്റേതിൽ ദൈവം പ്രസാദിക്കയും കയ്യീന്റേതിൽ പ്രസാദിക്കാതിരിക്കയും ചെയ്തു. അതിന്റെ ഫലമായി കയ്യീനു ഹാബേലിനോടു കോപമുണ്ടായി. കയ്യീൻ ഹാബേലിനെ കൊന്നു. സ്വന്തം ഇഷ്ടപ്രകാരം യാഗം കഴിച്ചിട്ട് ദൈവം സ്വീകരിക്കണം എന്നു ശഠിച്ചാൽ അതു ദൈവനീതിക്ക് എതിരാണ്. ദൈവ നീതിയെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്ന പിശാചിനു കയ്യീൻ കീഴ്പ്പെടുകയായിരുന്നു. ഒരു ലംഘനം ചെയ്താൽ അതിനെ തുടർന്നു അനവധി പാപങ്ങൾ ചെയ്യുവാൻ മനുഷ്യരെ പിശാചു പ്രേരിപ്പിക്കും. അതു പാപിയുടെ ജീവിതത്തെയും നശിപ്പിക്കും: പാപമാണ് മനുഷ്യരെ ക്ലേശിപ്പിക്കുന്നത്. ഉപദ്രവത്തിന്റേയും കഷ്ടത്തിന്റേയും പിന്നിൽ അകൃത്യം ഒളിഞ്ഞു കിടക്കുന്നതു കാണാം. ഒരാൾ യഥാർത്ഥ വിശ്വാസിയായി ജീവിക്കുമ്പോൾ കണ്ണുകടിയുള്ളവർ അതു നോക്കിയിരിക്കയില്ല. എന്തെങ്കിലും ചെയ്യണം എന്ന തോന്നലുണ്ടാകും. അതിനിരയായി തീരുന്നതു നീതിക്കുവേണ്ടി, സത്യത്തിനുവേണ്ടി നില്കൊള്ളുന്നവരാണ്. അതു ലോകത്തിൽ എവിടെയാണെങ്കിലും ഏതു മനുഷ്യരിലും കാണാം. ദൈവ ഭക്തിയോടെ ജീവിക്കുന്നവരാണ് അതിനിരയായി തീരുന്നത്.

പുതിയ നിയമ സ്ഥാപന ലക്ഷ്യവുമായി വന്ന യേശുവിനും നേരിടേണ്ടിവന്നതു കഷ്ടതയും ഉപദ്രവവുമായിരുന്നു. യേശു ഒരു തെറ്റും ചെയ്തിട്ടല്ല അതെല്ലാം അനുഭവിക്കേണ്ടിവന്നതു. മറിച്ചു ലോകത്തുള്ള മനുഷ്യരുടെ പാപേഛ നിമിത്തം ആയിരുന്നു. ജനിച്ചതു മുതൽ മരണം വരെ അവ അവനെ പിന്തുടർന്നു. അവന്റെ വരവിന്റെ ഉദ്ദേശം ഭൗതികമാണെന്നു അധികാരികൾ തെറ്റിദ്ധരിച്ചു. സാധാരണക്കാർ തങ്ങളുടെ ഇഛക്കനുസരിച്ചു അവനെ കാണുവാൻ കഴിയാതിരുന്നതും അവനെ ഉപദ്രവിക്കുന്നതിനു കാരണമാ

യി. അവനിൽ ഒരു പാപവും ഉണ്ടായിരുന്നില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലായിരുന്നു. എന്നിട്ടും അവനെ ആളുകൾ ഏറ്റവും മ്ലേഛമായ രീതിയിൽ ഉപദ്രവിച്ചു. ദൈവപുത്രനായി വന്ന യേശുവിന്റെ ഗതി അതായിരുന്നു എങ്കിൽ സാധാരണക്കാരുടെ ഗതി എന്താകും എന്നു ഊഹിക്കാവുന്നതേയുള്ളൂ. യേശു മരിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തശേഷം അവന്റെ അപ്പൊസ്തലന്മാർ ലോകത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്നു. അവർക്കും ഉപദ്രവവും കഷ്ടവും ഏല്ക്കേണ്ടിവന്നു. ക്രിസ്തുവിൽ ആയി തീർന്നാൽ കഷ്ടങ്ങളും രോഗങ്ങളും പീഡനങ്ങളും മാറും എന്ന ചിന്താഗതിക്കാരുണ്ട്. പക്ഷെ ക്രിസ്തുവിൽ യഥാർത്ഥഭക്തിയോടെ ജീവിക്കുന്നവർക്കെല്ലാം ഉപദ്രവം നേരിടേണ്ടി വരും. തെറ്റായ കാര്യങ്ങൾ ചെയ്തിട്ട് കഷ്ടം ഏല്ക്കേണ്ടി വരുന്നത് വലിയ കാര്യമല്ല. എന്നാൽ ക്രിസ്തുവിന്റെ നാമം ധരിച്ചിട്ടു അവനുവേണ്ടി ജീവിച്ചിട്ടു കഷ്ടവും ഉപദ്രവവും സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. അങ്ങനെയുള്ളവർക്കു ദൈവം പ്രതിഫലം നല്കും.

നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയി തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ക്രിസ്തുവിന്റെ ഉപദേശം കേട്ട്, വിശ്വസിച്ചു പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, യേശു ദൈവപുത്രൻ എന്നു വിശ്വസിച്ചു പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കുക. തുടർന്നു കർത്താവിന്റെ സഭയിൽ വിശ്വസ്തമായി ജീവിക്കുക. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് കഷ്ടതയിലും സന്തോഷിക്കുക. ആത്മാവിന്റെ വീണ്ടെടുപ്പും രക്ഷയുമാണ് പരമ പ്രധാനം. ശാരീരിക കഷ്ടത താല്ക്കാലികമാണ്. അതിനു ദൈവം നീക്കുപോക്കും വരുത്തും. അതുകൊണ്ട് അതിൽ നാം നിരാശപ്പെട്ട് തളർന്നു പോകരുത്. അതിന്റെ പേരിൽ നിത്യമായ പ്രതിഫലം നഷ്ടമാക്കാതിരിക്കുക. പലർക്കും ഉപദ്രവം നേരിടുമ്പോൾ അത് അവരുടെ വിശ്വാസത്തെ ബാധിക്കുകയും ആത്മീയമായി അവരെ പിൻതിരിപ്പിക്കയും ചെയ്യും. എന്നാൽ ശരിയായ വചനപരിജ്ഞാനം നമ്മെ ഉറപ്പിക്കും.

✱

# കേൾവിക്കു മാന്ദ്യത

## ഡീൻ ഫ്യൂജറ്റ്

കേൾക്കുവാനുള്ള കാര്യങ്ങൾ ധാരാളമുണ്ട്. കേൾക്കുന്നത് എന്ത് കേൾക്കാതിരിക്കുന്നതെന്ത്? ശാരീരികമായ ശേഷിയിൽ മനുഷ്യജീവിതത്തിൽ പ്രധാന പങ്കു വഹിക്കുന്ന ഒന്നാണ് ശ്രവണ ശക്തി. കേൾക്കുവാൻ കഴിയാതെ അംഗവൈകല്യത്താൽ വിഷമിക്കുന്ന ധാരാളം പേർ ഉണ്ട്. അപകർഷതാബോധത്തിന്റെ നീർച്ചുഴിയിൽ അകപ്പെട്ട് നീറുകയാണ് അവർ. നമ്മുടെ ശരീരത്തിന്റെ അവയവങ്ങൾക്ക് എല്ലാം പ്രാധാന്യമുണ്ട്. ഒന്നിനെ മറ്റൊന്നിൽ നിന്നു മാറ്റി നിർത്താനാവില്ല. ശബ്ദം തിരിച്ചറിയുവാനുള്ള കഴിവ് ദൈവം തന്നിരിക്കുന്നത് എത്ര വലിയ അനുഗ്രഹമാണ്. നാം ആ കഴിവിനെ ഏതു വിധത്തിൽ ഉപയോഗിക്കുന്നു എന്നും ഏതു വിധത്തിൽ ഉപയോഗിക്കാതിരിക്കുന്നു എന്നും വേർതിരിച്ച് മനസ്സിലാക്കുക.

യേശുക്രിസ്തു യെഹൂദന്മാരുടെ മദ്ധ്യേ ജീവിച്ചപ്പോൾ അവരുടെ ഇടയിൽ പരീശന്മാരായ ഒരുകൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവരെ കുറിച്ച് യേശുക്രിസ്തു പ്രസ്താവിച്ചത്: "നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ല താനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ട് മന്ദമായി കേൾക്കുന്നു; കണ്ണു അടെച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞു കൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നെ" (മത്തായി 13:14). എബ്രായലേഖകൻ അന്നത്തെ ക്രിസ്ത്യാനികളെ കുറിച്ച് പറയുന്നതും ഇതിനോടു യോജിക്കുന്നു. "ഇതിനെ കുറിച്ച് ഞങ്ങൾക്കു വളരെ പറയുവാനുണ്ട്; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ട് തെളിയിച്ചു തരുവാൻ വിഷമം" (എബ്രായർ 5:11). ഈ രണ്ടു സന്ദർഭങ്ങളിലും അവർക്കു കൃത്രിമമായ ശ്രവണമാർഗ്ഗം വേണമെന്നല്ല പറയുന്നത്. ഭൗതികമായ അംഗവൈകല്യത്താലുള്ള പ്രയാസം അല്ല അവർ നേരിട്ടുകൊണ്ടിരുന്നത്. എന്നാൽ സ്വന്തം ആത്മിയമായ കാര്യങ്ങൾ കേൾക്കുവാൻ അവർക്കു താല്പര്യമില്ല. ദൈവവുമായി അവരെ അടുപ്പിക്കുന്ന രീതിയിലുള്ള കാര്യ

ങ്ങൾ ഗ്രഹിക്കുവാൻ അവർക്കു മനസ്സില്ലായിരുന്നു. അവർ വിശ്വസിച്ചുകഴിഞ്ഞതിനപ്പുറമായി മറ്റൊന്നും കേൾക്കുവാൻ അവർക്കു ആഗ്രഹമില്ല.

ഇന്നു അനേകർ ഈ പ്രതിസന്ധിയിലാണ്. അവരുടെ ആനുകാലിക വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും വ്യത്യസ്തമായി ഒന്നും കേൾക്കണമെന്നില്ല. അവർ എന്തു കേൾക്കുമെന്നും വിശ്വസിക്കുമെന്നും നേരത്തെ തന്നെ തീരുമാനിച്ചു കഴിഞ്ഞു. ദൈവത്തിന്റെ സത്യ സന്ദേശം കേൾക്കുന്നതു നിമിത്തം ലഭിക്കുവാനിരിക്കുന്ന അനുഗ്രഹങ്ങളെ അവർ തട്ടിക്കളയുകയാണ് ചെയ്യുന്നത് (യോഹന്നാൻ 8:32). ഇപ്പോൾ തങ്ങൾ സ്വീകരിച്ചിരിക്കുന്നതിന് അപ്പുറം മറ്റൊരു സത്യം ഇല്ലെന്നു അന്ധമായി വിശ്വസിക്കുന്നവരും ഉണ്ട്. ഇതു ഖേദകരമായ ഒരു മുൻവിധിയാണ്. ഭൗതികമായതെന്തും അവർ പരിശോധിക്കാൻ തയ്യാറാണ്. പക്ഷെ ദൈവികമായ കാര്യങ്ങളെ പരിശോധിക്കാൻ കൂട്ടാക്കുന്നുമില്ല.

ദുരഭിമാനം കേൾവിക്കു തടസ്സമായും ദൈവത്തിങ്കലേക്കു പരിവർത്തനം ചെയ്യാതിരിപ്പാനും കാരണമായും തീർന്നിരിക്കുന്നു. അവർ എന്തു കേട്ടിട്ടില്ലയോ, അതു നിമിത്തം അവരെ ന്യായം വിധിക്കയില്ല എന്ന നിഗമനത്തിലാണ്. ദൈവത്തിനു കണക്കു കൊടുക്കേണ്ടതായ സത്യത്തെ അജ്ഞതകൊണ്ടു മറെക്കാൻ ശ്രമിക്കയാണ് അവർ: എന്നാൽ വാസ്തവമെന്താണ്? അവർ, മുന്നിൽ വെളിപ്പെടുത്തിയ അവസരങ്ങളെ അവർ ഉപയോഗിച്ചില്ല എന്നതാണ്. കേൾക്കുക എന്നതു ഒരവസരമാണ്. ദൈവ ശബ്ദം കേൾക്കുവാൻ ദൈവം അവസരം ഒരുക്കുന്നു. സഭായോഗം മുടക്കരുത് എന്ന ദൈവിക ചട്ടത്തെ അവഗണിക്കുന്നവർ ദൈവവചന കേൾവി നഷ്ടപ്പെടുത്തുകയാണ്. സത്യ സഭയെ ഉപേക്ഷിച്ച് നാമധേയ വിഭാഗങ്ങളുടെ കേൾവിക്കു തിരിയുന്നതും സത്യത്തെ കേൾക്കുവാനുള്ള അവരുടെ മാന്ദ്യത്തെ സൂചിപ്പിക്കുന്നു (എബ്രായർ 10:24-25). അവരുടെ നിത്യരക്ഷക്കു വേണ്ടിയുള്ള അവസരത്തെയാണ് അവരുടെ തീരുമാനത്താൽ നഷ്ടമാക്കുന്നത്.

ഈ കേൾക്കുവാനുള്ള മാന്ദ്യം കർത്താവിന്റെ സഭയിലും പുറത്തും സംഭവിച്ചു കൊണ്ടിരിക്കുന്ന ഒന്നാണല്ലൊ. പരീശന്മാർ വിചാരിച്ചത് അവർ നീതിമാന്മാർ എന്നാണ്, അതുകൊണ്ട് അവർ മറ്റൊന്നും കേൾക്കുവാൻ തുനിഞ്ഞില്ല. ദൈവത്തിനു പറയാനുള്ളതു

പറയുമ്പോൾ അതു കേൾക്കുവാനുള്ള ഉത്തരവാദിത്വം നിഷേധിക്കയാണ് അവർ ചെയ്തത്. ദൈവരാജ്യത്തിൽ ആയിത്തീർന്നവരും ദൈവവചനം കേൾക്കുവാൻ മന്ദതയുള്ളവരാകുമ്പോൾ അവർക്കു ലഭിക്കുന്ന അവസരത്തെ നിരസിച്ചു കളയുന്നു. സത്യത്തോടുള്ള അവരുടെ കാഴ്ച്ചപ്പാടിൽ വ്യത്യാസം വരുന്നു എന്നർത്ഥം. ഇതിനു അവർ തന്നെയാണ് ഉത്തരവാദികൾ: ഒഴിവുകഴിവു ഇല്ലാത്തതാകുന്നു ഇത്.

നാം വിശ്വസിച്ചിരിക്കുന്നതിനും സ്വീകരിച്ചിരിക്കുന്നതിനും അപ്പുറമായി മറ്റൊന്നും കേൾക്കുകയില്ലെന്നു ശഠിക്കുന്നവർ ഭോഷത്വത്തിലും, ദുരഭിമാനത്തിലും മുൻവിധിയിലും അകപ്പെട്ടിരിക്കയാണ്. ദൈവ വചനം സത്യമാണ്. നമ്മിലുള്ള പോരായ്മകൾ പരിഹരിക്കുവാൻ തന്നിരിക്കുന്ന സത്യത്തെ നാം പൂർണ്ണ ഗൗരവത്തോടെ കാണണം. കേൾക്കുവാൻ മാന്ദ്യമുള്ളവർ പരിശോധിക്കാൻ കൂട്ടാക്കാതിരിക്കുന്നു. അങ്ങനെ അവരുടെ നിത്യജീവൻ എന്നേക്കുമായി നിത്യ നരകയാതനയായി മാറുന്നു. നിത്യശിക്ഷ ഒഴിവാക്കുവാൻ, ദൈവ വചന സത്യം കേൾക്കുകയും അനുസരിക്കുകയും വേണം. ദൈവത്തിന്റെ ആഹ്വാനത്തെ ചെവിക്കൊള്ളാതിരിക്കരുത്.

★

## ക്രൂശിന്റെ ഇടർച്ച

### ഡ്ലാർഡ് തർമാൻ

ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന പദമാണല്ലോ ക്രൂശ്. ഈ ക്രൂശിന്റെ ഇടർച്ചയെ സംബന്ധിച്ച് അധികം ആരും ചിന്തിക്കാറില്ല. അപ്പൊസ്തലനായ പൗലൊസ് വളരെ തുറന്നു ചോദിക്കുന്ന ഒരു ചോദ്യം നമുക്കു വായിക്കാം. "സഹോദരന്മാരേ, പരിച്ഛേദന പ്രസംഗിക്കുന്നു എന്നു വരികിൽ ഇനിയും ഉപദ്രവം സഹിക്കുന്നത് എന്ത്? തുടർന്നു പറയുന്നു അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങി പോയല്ലോ (ഗലാത്യർ 5:11). ദൈവത്തിന്റെ സ്നേഹവും കരുണയും ഒത്തിണങ്ങി ക്രൂശിൽ നാം ദർശിക്കുന്നുണ്ട്. ക്രിസ്തു ക്രൂശിൽ അർപ്പിച്ചതായ ദാനം അക്ഷരാർത്ഥത്തിൽ വിലമതിക്കാ

നാവാത്ത ഒന്നായിരുന്നു. ആർക്കും ഇടർച്ചയുണ്ടാകാതിരിക്കേണ്ട തിനാണ് ക്രിസ്തു പ്രവർത്തിച്ചത്. എന്നിട്ടും കുറെപേർക്കു ഇടർച്ച യായി മാറി.

ക്രിസ്തു മരിച്ചതായ ക്രൂശ് നമ്മെ ഓർമ്മിപ്പിക്കുന്നത്, പഴയ നിയ മത്തെയും പുതിയ നിയമത്തേയുമാണ്. പഴയ നിയമത്തിന്റെ അവ സാനവും പുതിയ നിയമത്തിന്റെ ആരംഭവും അവിടെ കുറിക്കപ്പെ ടുന്നു. വിശുദ്ധതയുടേയോ, പരിപാവനതയുടേയോ മനോഹര ദൃശ്യ മായിരുന്നില്ല അത്. പിന്നെയോ മനുഷ്യത്വ രഹിതവും ക്രൂരവും നിന്ദ്യ വുമായ ഒരു മരണത്തെയാണ് ക്രൂശീകരണത്തിൽ നമുക്കു കാണാൻ കഴിയുന്നത്. നമ്മെ വീണ്ടെടുക്കുന്നതിനു, വിലയ്ക്കു വാങ്ങുന്നതിനു, ഏറെ കഷ്ടത, വേദന, ദുഃഖം, ലജ്ജ, ത്യാഗം എന്നിവയെയാണ് നമുക്കു ക്രൂശിൽ കാണാൻ സാധിക്കുന്നത്. അതൊരിക്കലും ഒരു രൂപമായി, ആഭരണമായി, ബിംബമായി, വ്യതിചലിച്ച സഭക്കു ഭൂഷ ണമായി തീരണം എന്ന അർത്ഥമായിരുന്നില്ല. ക്രൂരമായ ക്രൂശീക രണ ചിത്രം പള്ളിയങ്കണത്തിലോ, മന്ദിരങ്ങളിലോ പ്രദർശിപ്പിച്ച് ആളു കളിൽ വിശ്വാസം ജനിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ചിട്ടില്ല. അങ്ങ നെയുള്ള രൂപങ്ങൾ എടുത്തു മാറ്റിയാൽ അതു ദൈവത്തോടുള്ള ആദരവായി കണക്കാക്കാം.

ഒരു സ്വർണ്ണ വ്യാപാരി തന്റെ ആഭരണങ്ങൾ പ്രദർശിപ്പിക്കു വാൻ കറുത്ത തുണി ഉപയോഗിക്കുന്നു. ആഭരണത്തിന്റെ തിളക്കവും മനോഹാരിതയും കൂടുതൽ ആകർഷണീയമാക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. അക്ഷരികമായ ക്രൂശിനാലല്ല ആളുകൾ ആകർഷിക്ക പ്പെടേണ്ടത്. മറിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളാലും ത്യാഗത്താലും ആണ്. ക്രൂശിന്റെ മഹത്വം, ക്രിസ്തുവിന്റെ മരണത്താൽ എന്തു സാദ്ധ്യമായി എന്നതാണ്. മനുഷ്യന്റെ ശൂന്യമായ ക്രൂശിന്റെ ആഭര ണമോ രൂപമോ ക്രൂശിന്റെ മാഹാത്മ്യത്തെ കാണിക്കുന്നില്ല.

## *ന്യായപ്രമാണത്തെ തള്ളിക്കളഞ്ഞ യഹൂദ മതാനുസാരികൾ ഇടർച്ച വരുത്തി*

ക്രൂശിൽ തറെച്ചു നീക്കം ചെയ്യപ്പെട്ട ന്യായപ്രമാണത്തെ

സ്നേഹിച്ചു ആചരിക്കുന്നവർ ക്രൂശിന്നു ഇടർച്ച വരുത്തുന്നവരാണ്. ഭൂരിഭാഗവും നല്കപ്പെട്ട ഉപദേശത്തെ മാനിക്കാത്തവരാണ്. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു എന്നാൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹന്നാൻ 1:17). ഈ സത്യം യെഹൂദന്മാരെ പിന്നീട്, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ തള്ളിക്കളയുന്ന സ്ഥിതിയിലേക്കു മാറ്റി. ന്യായപ്രമാണത്തെ ക്രിസ്തു എന്തു ചെയ്തു എന്ന് പൗലൊസ് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്തു മായിച്ച് ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു (കൊലൊസ്സ്യർ 2:14).

വീണ്ടും അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്: മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു. അവൻ നമ്മുടെ സമാധാനം ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിൻമേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2:13-16). അങ്ങനെ ക്രൂശിലെ യേശുവിന്റെ മരണത്താൽ യെഹൂദനും, ജാതിയും തമ്മിൽ ഒരു വ്യത്യാസവും ഇല്ലാത്ത രീതിയിൽ എല്ലാവരേയും ദൈവത്തോടു അടുപ്പിക്കുവാൻ ന്യായപ്രമാണത്തെ നടുവിൽ നിന്നു നീക്കി കളഞ്ഞു. അതുകൊണ്ട്, എല്ലാവർക്കും ദൈവത്തോടു ബന്ധം പുലർത്തുവാൻ ഒരേ ഒരു വഴിയാണ് ഉള്ളത് (ഗലാത്യർ 3:27-29).

ന്യായപ്രമാണത്തെ നീക്കം ചെയ്തതു പലർക്കും ഇടർച്ചക്കു ഹേതുവായി തീർന്നു. എന്നാൽ നീക്കം വരേണ്ടതു ആവശ്യവുമായിരുന്നു. അതിന്റെ ബലഹീനതയും നിഷ്പ്രയോജനത്വവും നിമിത്തം അത്രേ അതിനെ നീക്കം ചെയ്തത് (എബ്രായർ 7:18-19). അതുകൊണ്ട് അവർ ക്രൂശിനും ഇടർച്ച വരുത്താൻ തുടങ്ങി. തിരുവെഴുത്ത്

സ്പഷ്ടമായി പറയുന്നത് എന്തെന്നാൽ ന്യായപ്രമാണത്താൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല എന്നത്രെ. ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ശ്രമിക്കുന്നവരോട് കർത്താവിന്റെ ആത്മാവ് ലഭിച്ച പൗലൊസ് പറയുന്നത്, ന്യായപ്രമാണത്താൽ നീതീകരിപ്പാൻ ഇച്ഛിക്കുന്നവർക്കു ക്രിസ്തുവിനെകൊണ്ടു പ്രയോജനമില്ല, അവർ കൃപയിൽ നിന്നു വീണുപോയി. അവരെ പറ്റി എബ്രായ ലേഖകൻ പറയുന്നത്: തങ്ങൾക്കു തന്നെ ദൈവ പുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല (എബ്രായർ 6:6). ക്രൂശിനു ഇടർച്ച വരുത്തുന്നവർ ഇന്നുമുണ്ട്. അവർ ദൈവത്തിനു ഇടർച്ച വരുത്തുന്നവരാണ്.

## പരിച്ഛേദന ആവർത്തിക്കുന്നതു ഇടർച്ച

പരിച്ഛേദനയ്ക്കായി മുറവിളി കൂട്ടിക്കൊണ്ടിരുന്ന യഹൂദ മതാനുസാരികളാൽ അപ്പൊസ്തലനായ പൗലൊസിനു ഭീഷണിയും ഉപദ്രവവും നേരിടേണ്ടി വന്നു. ക്രൂശിൽ യേശു മരിച്ചതോടെ നിഷ്പ്രയോജനമായി തീർന്ന ഒന്നിനെയാണ് ഇവർ വീണ്ടും ആളുകൾക്ക് ആചരിപ്പാൻ നല്കുന്നത്. പരമാർത്ഥത്തിൽ ഇവർ ക്രൂശിനു ശത്രുക്കളായി പ്രവർത്തിക്കുന്നവരാണ്. പൗലൊസിന്റെ ഉപദേശത്തിൽ അവർ ശൗര്യം പൂണ്ടവരായി മാറി. പൗലൊസിന്റെ പ്രസംഗം കേൾക്കുക. "ക്രിസ്തുയേശുവിൽ പരിച്ഛേദനയല്ല, അഗ്ര ചർമ്മവുമല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം" (ഗലാത്യർ 5:6). ഈ കാര്യത്തിൽ ക്രൂശിന്റെ ഇടർച്ച അവൻ തിരിച്ചറിഞ്ഞിരുന്നു. അവനു നേരിട്ട ഉപദ്രവത്തെ മുന്നിൽ നിർത്തി പൗലൊസ് അവരോടു വാദിക്കുകയാണ്. "ഞാൻ ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കുന്നുവെങ്കിൽ ഉപദ്രവം സഹിക്കുന്നതെന്തിന്? അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപോയല്ലൊ" (ഗലാത്യർ 5:11).

സ്ത്രീകൾക്കു വേണ്ടി

# യേശുവിനെ കുറിച്ചു മക്കളെ പഠിപ്പിക്കൽ

**ബെറ്റി ബി. സി.**

"ഇല്ല; എനിക്കു പ്രാർത്ഥിക്കാൻ പോലും അറിഞ്ഞുകൂടാ. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? എന്റെ അമ്മ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും എന്നെ പഠിപ്പിച്ചിട്ടില്ല. പിന്നെ ഞാൻ മാത്യുവിനെ കളിയാക്കുകയും തല്ലുകയും ഒക്കെ ചെയ്യുമ്പോൾ അമ്മ ശകാരിക്കാറുണ്ട്. പുസ്തകമെടുത്തു പഠിക്കാനും പറയും. ഇതിൽ കൂടുതൽ ഒന്നും പറയാറില്ല." തോമസിന്റെ ഉത്തരം ഇതായിരുന്നു.

അനേകം ഭവനങ്ങളിൽ ഇതു തന്നെയല്ലേ നടക്കുന്നത്? അമ്മമാർ തങ്ങളുടെ കുട്ടികൾക്കു ആത്മീയ പ്രബോധനം കൊടുക്കാറില്ല. അങ്ങനെ വളരുന്ന കുട്ടികളുടെ സ്വഭാവം കടകവിരുദ്ധമായി തീരും. ചില കുട്ടികൾ അവരുടെ ഉള്ളിൽ ഉദിക്കുന്ന ചോദ്യങ്ങൾ അവരുടെ അപ്പനോടും അമ്മയോടും ചോദിച്ചു മനസ്സിലാക്കും. അന്തമില്ലാത്ത ചോദ്യങ്ങൾകൊണ്ട് മാതാപിതാക്കളെ അമ്പരപ്പിക്കുന്നവരുമുണ്ട്. എന്നാൽ എല്ലാ ചോദ്യങ്ങൾക്കും നാം അറിഞ്ഞിരിക്കേണ്ട ഉത്തരം ദൈവത്തിന്റെ പുസ്തകത്തിൽ ഉണ്ട്.

"നിന്റെ ഹൃദയത്തിൽ നിന്നും പൊങ്ങിവരുന്ന സംശയങ്ങളും ദൈവത്തെ കുറിച്ചും ദൈവിക കാര്യങ്ങളെ കുറിച്ചും എപ്പോഴെങ്കിലും നീ ശാന്തമായി ചെന്നു അപ്പനോടും അമ്മയോടും ചോദിച്ചിട്ടുണ്ടോ?" മേരി അവനോടു ചോദിച്ചു.

"ഇല്ല; അതെങ്ങനെ അവരോടു ചോദിക്കും? ചോദിച്ചാൽ തന്നെ അവർ എന്റെ സംസാരത്തിനു ചെവി തരുമോ? പലപ്പോഴും ഞാൻ പറയുന്നതു അവർ ശ്രദ്ധിക്കാറേയില്ല. എന്റെ ഉള്ളിൽ തോന്നുന്നതെല്ലാം ഞാൻ അടക്കിവെക്കും. കുറെ കഴിയുമ്പോൾ അതു നീങ്ങിപ്പോകും" തോമസ് പ്രതിവചിച്ചു.

"എനിക്കതിൽ ദുഃഖമുണ്ട്" മേരി പറഞ്ഞു. എല്ലാ കുട്ടികളുടേയും

ഹൃദയാന്തർഭാഗത്തുള്ള കാര്യങ്ങൾ അവരുടെ മാതാപിതാക്കളോടു അറിയിക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണം. അപ്പന്റേയും അമ്മയുടേയും വാക്കുകൾ മക്കളുടെ ജീവിതത്തിൽ സഹായിയായി തീരണം. അവർ തങ്ങളുടെ കുട്ടികൾക്കുവേണ്ട മാർഗ്ഗനിർദ്ദേശം കൊടുക്കണം. തോമസിനും അവന്റെ മാതാപിതാക്കളിൽ നിന്നു ഇതു കിട്ടണം. നിന്റെ അപ്പനോ അമ്മയോ തിരക്ക് ഇല്ലാതെ ഇരിക്കുന്ന സമയത്ത് അവരുടെ അടുക്കൽ ചെന്നു ശാന്തമായി നിന്റെ ഉള്ളിലുള്ള വിചാരങ്ങളും ചിന്തകളും അവരോടു പങ്കു വെക്കണം. അവരെ അലോസരപ്പെടുത്തുന്ന വിധത്തിൽ ആയിരിക്കരുത്. സൌമ്യമായി കാര്യങ്ങൾ ചോദിക്കണം.

പരസ്പരം ഉണ്ടാകേണ്ട ആഴമായ സ്നേഹബന്ധത്തിനു പകരം ഇന്നു ആളുകൾക്കിടയിൽ മറ്റെന്തിനെക്കാളും മുറിവുണ്ടാകുവാൻ കാരണം അവർ തമ്മിലുള്ള ആശയവിനിമയക്കുറവു തന്നെയാണ്. ഭാര്യാഭർത്താക്കൻമാർ തമ്മിൽ, മാതാപിതാക്കളും മക്കളും തമ്മിൽ, സഹോദരൻമാരും സഹോദരിമാരും തമ്മിൽ, സ്നേഹിതൻമാർ തമ്മിൽ, ആത്മീയസഹോദരങ്ങളും സഹോദരിമാരും എന്നു തുടങ്ങി എല്ലാവരിലും ഇതു ശരിയാണ്. അങ്ങനെയുള്ള എല്ലാവരും ഒന്നുകിൽ ജനനത്താലോ, തിരഞ്ഞെടുപ്പിനാലോ, അല്ലെങ്കിൽ ആത്മീയ ജനനത്താലോ ഓരോരുത്തരും അന്യോന്യം ആഴമേറിയതും ആത്മാർത്ഥമായതുമായ കരുതലും സ്നേഹവും പ്രതീക്ഷിക്കുന്നു.

എന്നിട്ടും ഈ സ്നേഹം പലപ്പോഴും നിശബ്ദമാണ്. ഹൃദയത്തിനുള്ളിൽ ഉള്ള കാര്യങ്ങൾ പ്രകടിപ്പിക്കാൻ ആരും ശ്രമിക്കാറില്ല. വേദന, അറിയാതിരിക്കുന്നു; സന്തോഷം പങ്കിടാതിരിക്കുന്നു; അന്യോന്യമുള്ള അടുപ്പം മിക്കവാറും ചിരിച്ചു കളയുന്നു. അതുകൊണ്ടു ആളുകൾ തങ്ങളുടെ വികാരങ്ങളും വിചാരങ്ങളും ഉള്ളിൽ അടക്കുന്നു.

നിങ്ങളുടെ വീട്ടിൽ, ആത്മാർത്ഥമായ സ്നേഹം തുറന്നു സ്വതന്ത്രമായി നിങ്ങൾ പ്രകടിപ്പിക്കാറുണ്ടോ? രക്ഷകർത്താക്കളായ നിങ്ങൾ നിങ്ങളുടെ കുട്ടികളുടെ മുമ്പിൽ നിങ്ങൾക്ക് അവരോടുള്ള സ്നേഹം കാണിക്കാറുണ്ടോ? ഉദാഹരണമായി പറഞ്ഞാൽ, പപ്പ എത്ര നിന്നെ സ്നേഹിക്കുന്നു എന്നറിയാമോ? മമ്മി നിന്നെ എത്ര കരുതുന്നു എന്നറിയാമോ? നീ എനിക്കു എത്ര നല്ലവൻ ആണ്! നീ

എനിക്കു എത്ര നല്ലവളാണ്! "നിന്നെ എനിക്കു തന്ന ദൈവം എത്ര നല്ലവൻ" ഇങ്ങനെയുള്ള പ്രസ്താവനകൾ അവരുടെ മനസ്സു തണുപ്പിക്കും.

നിങ്ങളുടെ കുട്ടികളുടെ ഉള്ളിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന വികാരവിചാരങ്ങൾ പങ്കിടുവാൻ അവരെ നിങ്ങൾ പഠിപ്പിക്കാറുണ്ടോ? കുട്ടികളുടെ നന്മയ്ക്കും ഉയർച്ചയ്ക്കും പരിശീലനവേളയിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഇത്. അങ്ങനെ അവർ വളർന്നു ഭാര്യമാരും ഭർത്താക്കൻമാരും മാതാപിതാക്കളും ആയി തീരുമ്പോൾ അവർക്ക് അതു വളരെ പ്രയോജനപ്പെടും.

വിശ്വാസത്തോടെ അന്യോന്യം സംസാരിക്കയും സ്നേഹിക്കയും ചെയ്യുന്നതു ഇത്രമാത്രം പ്രാധാന്യമുള്ള കാര്യമാണെങ്കിൽ ആളുകൾ ഇതിനെ അവഗണിച്ചുകളയാൻ കാരണമെന്ത്? പല കാരണങ്ങൾ ഉണ്ട്.

* ആളുകൾ ജീവിതത്തിന്റെ തിരക്കിൽ പെട്ട്, ശാന്തമായി അന്യോന്യം വേണ്ട വിധത്തിൽ സംസാരിക്കാൻ സമയം കണ്ടെത്താറില്ല.
* പലപ്പോഴും ജനങ്ങൾ, മറ്റുള്ളവരുടെ കണ്ണുകളിലേക്കു ശ്രദ്ധ തിരിക്കയോ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അവരുടെ നാഡീസ്പന്ദനത്തോടു പ്രതികരിക്കുന്നില്ല.
* തങ്ങളിലുള്ള ഭയം, പ്രത്യാശ, ആവശ്യങ്ങൾ, വിചാരങ്ങൾ എന്നിവ തുറന്നു പറഞ്ഞാൽ മറ്റുള്ളവർ എന്തു വിചാരിക്കും? അവർ കളിയാക്കിയാലോ എന്നെല്ലാം വിചാരിച്ച് ഉള്ളിൽ ഒതുക്കുന്നവരുമുണ്ട്. അവർ ബലഹീനരാണ്, ഭീതിയാണ് അവരെ കീഴ്പ്പെടുത്തുന്നത്. അവർ പങ്കിട്ടാൽ ഈ കാര്യങ്ങളെ അവർ നാട്ടിൽ പാട്ടാക്കിയാലോ എന്നു ഭയപ്പെടുന്നവരും ഉണ്ട്.
* ചിലപ്പോൾ മാതാപിതാക്കളും തങ്ങളുടെ മക്കളും തമ്മിൽ ആശയ വിനിമയത്തിന്റെ ശക്തമായ പാലം തന്നെ പണിയുവാൻ കഴിയുമെന്ന കാര്യം അവർ തിരിച്ചറിയുന്നില്ല. മാതാപിതാക്കൾ നല്ല രീതിയിൽ ആശയ വിനിമയം നട

ത്താതിരുന്നാൽ ആ മക്കൾ സമൂഹത്തിലും ആശയ വിനിമയം നടത്താൻ മടിക്കും. പ്രായപൂർത്തി ആയാലും ഇങ്ങനെ വളരുന്നവർക്കു ആളുകളെ അഭിമുഖീകരിക്കാൻ പ്രയാസമായി തീരും എന്നതാണ് ഫലം.

★

## മാറാത്ത ദൈവാലോചന

### ദില്ലാർഡ് തർമാൻ

യഥാർത്ഥമായി നമ്മെ ആശ്വസിപ്പിക്കുന്ന ഒരു മനോഭാവം ദൈവത്തിനുണ്ടെങ്കിൽ അതു വ്യതിചലിക്കാത്ത, അല്ലെങ്കിൽ മാറാത്ത അവസ്ഥ തന്നെയാണെന്നു പറയാം. മനുഷ്യനുമായുള്ള തന്റെ എല്ലാ ബന്ധത്തിലും നമ്മുടെ ദൈവം വിശ്വസ്തൻ തന്നെ. സങ്കീർത്തനക്കാരൻ പറയുന്നു: യഹോവയുടെ കൃപകളെക്കുറിച്ചു ഞാൻ എന്നേക്കും പാടും; തലമുറ തലമുറയോളം എന്റെ വായ് കൊണ്ടു നിന്റെ വിശ്വസ്തതയെ അറിയിക്കും. ദയ എന്നേക്കും ഉറച്ചു നില്ക്കും എന്നു ഞാൻ പറയുന്നു. നിന്റെ വിശ്വസ്തതയെ നീ സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയിരിക്കുന്നു (സങ്കീർത്തനങ്ങൾ 89:1,2). ദൈവം സംസാരിക്കുമ്പോൾ നമുക്കു അറിയാം അതു സത്യമാണെന്ന്. മോശെയുടെ ഗീതത്തിലും തെളിഞ്ഞു നില്ക്കുന്ന വസ്തുതയാണ് ഇത്. "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം; അവന്റെ വഴികൾ ഒക്കെയും ന്യായം. അവൻ വിശ്വസ്തതയുള്ള ദൈവം: വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ" (ആവർത്തന പുസ്തകം 32:4). ബിലെയാമിന്റെ സുഭാഷിതം ശ്രദ്ധിക്കൂ! "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല, താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ? (സംഖ്യാപുസ്തകം 23:19). നമ്മുടെ വിശ്വാസവും പ്രത്യാശയും എല്ലാം ദൈവത്തിൽ അർപ്പിക്കാൻ ധൈര്യം അവലംബിക്കുക. അപ്പൊസ്തലനായിരുന്ന പൗലൊസ് അവനെക്കുറിച്ചു പ്രഖ്യാപിച്ചതു: നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലൊ. ഈ വചനം വിശ്വാസ്യയോഗ്യമാകുന്നു (2

തിമൊഥെയൊസ് 2:13). ദൈവം കല്പിച്ചാൽ അതു സംഭവിക്കും. വാഗ്ദാനം ചെയ്താൽ നിറവേറും; പറഞ്ഞാൽ അതു സത്യമായിരിക്കും. പ്രവാചകർ അരുളിച്ചെയ്ത കർത്താവിന്റെ വഴി നേരുള്ളതു.

## *പ്രകൃതിയിൽ ദൈവം വിശ്വസ്തനും സത്യവാനും*

പ്രകൃതിയിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ ഉറപ്പു നല്കുന്നുണ്ട്. ധാർമ്മിക നിയമത്താൽ ചലിക്കുന്ന ഒന്നാണല്ലോ പ്രകൃതി. അതിനു മാറ്റമോ ഏറ്റക്കുറച്ചിലോ അനുഭവപ്പെടുന്നില്ല. സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ദൈവം അതാതിന്റെ സ്ഥാനത്തു നിർത്തിയിരിക്കുന്നു. ലോകത്തോടുള്ള അവയുടെ സ്വാധീന ശക്തിയിൽ മാറ്റം സംഭവിക്കുന്നില്ല. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിനു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു (സങ്കീർത്തനങ്ങൾ 19:1-2). പകൽ സമയത്തു ജോലി ചെയ്തു ക്ഷീണിക്കുന്നതു നിമിത്തം രാത്രിയിൽ നമുക്കു ഉറങ്ങാം. രാവിലെ ഉണരുന്നതു ഒരു ഉറപ്പോടുകൂടെയാണ്. ദൈവം മുകളിൽ ഉള്ളതുകൊണ്ട് എല്ലാ കാര്യങ്ങളെയും അവൻ നിയന്ത്രിക്കുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നീട് സൃഷ്ടിച്ചവയെല്ലാം അതാതിന്റെ പ്രവൃത്തികൾ അഭംഗുരം തുടരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വിസ്മയകരമായ പ്രവൃത്തിയാണ് അതെല്ലാം. അവനിൽ അവയെല്ലാം വിശ്വസ്തമായിരിക്കുന്നു. പരാജയപ്പെടാതെ ദൈവത്തിന്റെ സൃഷ്ടികളെല്ലാം സജീവമായി നില നില്ക്കുന്നു എന്നതു എത്ര അത്ഭുതം!

യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു; നിന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു. നീ ഭൂമിയെ സ്ഥാപിച്ചു അതു നില നില്ക്കുന്നു. അവ ഇന്നുവരെ നിന്റെ നിയമ പ്രകാരം നിലനില്ക്കുന്നു. സർവ്വ സൃഷ്ടികളും നിന്റെ ദാസന്മാരാകുന്നു (സങ്കീർത്തനങ്ങൾ 119:90-91). സകലത്തെയും ഉണ്ടാക്കുക മാത്രമല്ല; അവൻ തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമാണ് (എബ്രായർ 1:3). ഒരിക്കൽ ഒരു കുട്ടി തന്നെത്താൻ ഒരു പന്ത് മുകളിലേക്കു എറിയുകയും തിരിച്ചു വരുമ്പോൾ പിടിക്കയും ചെയ്തു കൊണ്ടിരുന്നതു ശ്രദ്ധിച്ച വഴിയാത്രക്കാരൻ കുട്ടി

യോട് നീ എന്താണ് ചെയ്യുന്നത് എന്നു ചോദിച്ചു. കുട്ടി അതിനു ഉടനെ പറഞ്ഞ മറുപടി "ഞാൻ ദൈവവുമായി കളിക്കയാണ്" എന്നാകുന്നു. അവൻ പറഞ്ഞു: ഞാൻ പന്ത് മുകളിലേക്കു എറിയും ദൈവം അതു തിരികെ ഇങ്ങോട്ട് തന്നെ വിടും എന്ന്. ഭൂമിക്കു ആകർഷണ ശക്തി കൊടുത്തു നിർമ്മിച്ച ദൈവത്തിൽ വിശ്വസിക്കുന്ന ഒരു കുട്ടി നിങ്ങൾക്കുണ്ടോ? "ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാരണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു" (എബ്രായർ 11:3). ഈ വിശാലമായ പ്രകൃതിയെ നിയന്ത്രിക്കുന്നതു മാറ്റമില്ലാതെ തുടരുന്നതു കാണുമ്പോൾ ദൈവത്തിന്റെ സ്ഥിരമായ സ്വഭാവത്തെ നമുക്കു കാണാം.

വൈദ്യുതി നിയമത്തിൽപോലും മാറ്റമില്ലാത്ത അവസ്ഥ നമുക്കു തിരിച്ചറിയാം. അതിനു വ്യത്യാസം സംഭവിക്കുന്നില്ല. വൈദ്യുതിയിൽ എപ്പോഴും വരുന്നതും പോകുന്നതുമായ പ്രവാഹം ഉണ്ടായിരിക്കും. ഈ നിയമപ്രകാരമല്ലാതെ ഒരു ലൈറ്റും കത്തുകയില്ല; ഒരു മോട്ടോറും പ്രവർത്തിക്കയില്ല. ന്യൂട്ടൻ ഭൂമിയുടെ ആകർഷണശക്തി കണ്ടു പിടിക്കമാത്രമാണ് ചെയ്തതു. അതിന്റെ നിർമ്മാതാവ് ദൈവമാണ്. ഓരോ വിത്തും അതാതിന്റെ ഫലം പുറപ്പെടുവിക്കുന്നു. അതു പ്രത്യുല്പാദന നിയമമാണ്. കൃഷിക്കാർക്കെല്ലാം സുപരിചിതമായ വസ്തുതയാണത്. പ്രത്യുല്പാദന നിയമം മനുഷ്യൻ ഉണ്ടാകുന്നതിനു മുമ്പു തന്നെ നിലവിലുണ്ടായി. അതിനു മാറ്റമില്ല. ഈ നിയമങ്ങളെല്ലാം മാറ്റമില്ലാതെ തുടരുന്നതിന്റെ കാരണം ദൈവമാണ് അവയെ അത്തരത്തിൽ നിയന്ത്രിക്കുന്നതു എന്നതാണ്. അങ്ങനെയുള്ള ദൈവസ്വഭാവം സ്ഥിരമായിരിക്കുന്നു എന്ന തെളിവാണ് ഇതിൽക്കൂടെ അവൻ കാണിച്ചു തരുന്നതു. നാം എങ്ങനെയൊക്കെ മാറിയാലും ശരി ദൈവത്തിന്റെ സ്വഭാവം മാറാതിരിക്കുന്നു എന്നതു എത്ര ആശ്വാസകരം.

## *വിശ്വസ്തനായ ദൈവം വിശ്വസ്തനായ അബ്രഹാമിനോട്*

കല്ദയരുടെ പട്ടണമായ ഊരിൽനിന്നും ദൈവം അബ്രഹാമിനെ വിളിച്ചപ്പോൾ ദൈവം നല്കിയ വാഗ്ദാനം വരുവാനുള്ള തലമുറകൾക്ക് പ്രതീക്ഷയും പ്രത്യാശയും ഉണർത്തുന്ന സുവർണ്ണ രേഖ

യായി മാറി, "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇസ്രായേലിന്റെ പ്രത്യാശക്കായി ദൈവം വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും നല്കുമെന്ന് ബോധ്യപ്പെടുത്തിയതു അവരുടെ ആശ്രയം ദൈവത്തിൽ ആയിരിക്കേണ്ടതിനാണ്. ദൈവം അബ്രാഹാമിനോടു വാഗ്ദാനം ചെയ്തപ്പോൾ തന്നെക്കാൾ വലിയവരെ കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു. "ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും" എന്നു അരുളിച്ചെയ്തു. മനുഷ്യൻ ആണയാലല്ലോ കാര്യങ്ങൾ ഉറപ്പിച്ചു പറയുന്നതു.

✶

## *മറ്റുള്ളവരെ വിധിക്കൽ*

***മാർലിൻ കിൻ പാട്രിക്***

യേശുക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷാവേളകളിൽ തനിക്കു കാണാൻ കഴിഞ്ഞ പൊതുവായ പല കാര്യങ്ങളിൽ ഒന്നായിരുന്നു ക്ലേശം. ആളുകൾ ഈ കഷ്ടതയിൽ വ്യാകുലചിത്തരായിരുന്നു. അതിനു പരിഹാരം വരുത്തിയ കർത്താവിനെക്കുറിച്ച് തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത് (എബ്രായർ 4:15). യേശുവിന്റെ വാക്കുകൾ പലർക്കും ഖേദമുളവാക്കി; കാരണം തെറ്റിദ്ധാരണയായിരുന്നു. ഇന്നും അതുപോലെ യേശുക്രിസ്തുവിന്റെ വചനങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അതിനു നല്ലൊരു ഉദാഹരണമാണ് മറ്റൊരാൾ ചെയ്യുന്ന പ്രവൃത്തികളെ വിധിക്കുക എന്നതു. അതിൽ അടങ്ങിയിരിക്കുന്ന വസ്തുത നാം ശരിയായി പരിശോധിച്ചു മനസ്സിലാക്കേണ്ടതാണ്.

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു" എന്നു ക്രിസ്തു അരുളിച്ചെയ്തു (മത്തായി 7:1). മറ്റൊരു വ്യക്തിയുടെ പ്രവൃത്തിയെ വിലക്കുന്നതിനെയാണ് വിധിക്കരുതു എന്നു പറഞ്ഞിരിക്കു

ന്നതു എന്നാണ് പലരും അതിനു പറയുന്ന കാരണം. സാഹചര്യങ്ങളും സന്ദർഭങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് വേറൊരാളുടെ പ്രവൃത്തിയെ സംബന്ധിച്ച് നാം അഭിപ്രായം പറയരുത്. എന്നാൽ ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന കല്പനയുടെ ഉദ്ദേശം അതാണോ? അല്ലെങ്കിൽ അത്തരം അഭിപ്രായപ്രകടനം ശരിയാണോ എന്നു നാം ചിന്തിക്കേണ്ടതുണ്ട്. സന്ദർഭോചിതമായിരിക്കണം നാം കാര്യങ്ങളെ വിവേചിക്കുവാൻ. ഒരു വാക്യത്തിന്റെ അംശമായ അർത്ഥം എടുത്തുകൊണ്ട് നമ്മുടെ ആശയം സ്ഥാപിക്കാൻ ശ്രമിക്കരുത്. വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സന്ദർഭം നാം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. അതിനുശേഷമേ ആ വാക്യത്തിന്റെ പ്രസക്തി നാം എടുത്തു ഉപയോഗിക്കാവൂ.

മത്തായി ഏഴാം അദ്ധ്യായത്തിൽ യേശു വിധിക്കരുതു എന്നു പറഞ്ഞതു മറ്റുള്ളവരുടെ ഉദ്ദേശങ്ങളെ മറികടന്നു തീർപ്പു കല്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നതു. വേറൊരാളുടെ ഉള്ളിലെ വിചാരങ്ങളെ അറിയുവാൻ ഒരു മനുഷ്യനും സാദ്ധ്യമല്ലല്ലോ. കാപട്യം അടങ്ങുന്ന ഒന്നാണ് ഇവിടെ പറയുന്ന വിധികൾ. സ്വന്ത കണ്ണിലെ കോൽ എടുക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നതു എന്ത്? അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ക്ക, നിന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളയട്ടെ എന്നു പറയുന്നതു എങ്ങനെ? അങ്ങനെയുള്ളവർ കപടഭക്തരാണ് എന്നു കർത്താവു പറഞ്ഞിരിക്കുന്നു (മത്തായി 7:4-5). ഒരാളുടെ പ്രവർത്തനോദ്ദേശ്യം ഹൃദയത്തിൽ നിന്നാണല്ലോ ഉത്ഭവിക്കുന്നതു. അങ്ങനെയുള്ള ഉദ്ദേശത്തെ ഒരാൾ വിധിക്കുന്നതാണ് കർത്താവ് വിലക്കിയിരിക്കുന്നതു (മത്തായി 12:34-37). അതതു ഉദ്ദേശങ്ങളെ യഥാർത്ഥമായി അറിയുവാൻ കഴിയുന്നതു ദൈവത്തിനു മാത്രമാണ് (1 ശമുവേൽ 16:7). അഭിപ്രായം പറയുന്നത് വിധിക്കലല്ല. മറ്റൊരാൾ വിശ്വാസത്തിൽ ശക്തനാണ് എന്നു നമുക്കു എങ്ങനെ തീർച്ചപ്പെടുത്താം? അദ്ദേഹത്തിന്റെ പ്രവർത്തികൾ വചനാനുസരണമായിരിക്കും. സത്യത്തിന്റെ പരിജ്ഞാനം ഉള്ളവർക്കേ അതു ഗ്രഹിക്കാൻ പറ്റൂ. തെറ്റിദ്ധാരണയോ സംശയങ്ങളോ വെച്ചുകൊണ്ട് ആരെയും വിധിക്കാതെ ആത്മാർത്ഥമായ സമീപനത്തോടെ കാര്യങ്ങൾ നോക്കി കാണണം. എന്തിനെയും എതിർക്കുന്നവരും തീർപ്പ് കല്പിക്കാൻ വ്യഗ്രത കാണിക്കുന്നവർക്കും കർത്താവ് മുന്നറിയിപ്പ് നല്കുകയാണ്.

മത്തായി 7 ന്റെ ഒന്നാം വാക്യം ശരിയായി വ്യാഖ്യാനിക്കേണ്ടതു എങ്ങനെയെന്തെന്നാൽ, ദൈവ വചനത്തിൽ മറ്റുഭാഗങ്ങളിൽ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതെല്ലാം നാം പരിഗണനക്കായി എടുക്കണം. മറ്റേതൊരു വിഷയത്തിലും ഈ സത്യം നാം സ്വീകരിക്കണം. എങ്കിലേ പൂർണ്ണമായ സത്യം നമുക്കു ലഭിക്കയുള്ളൂ. ഒന്നാമതു ബൈബിളിൽ വിവിധ തരത്തിലുള്ള വിധിയെക്കുറിച്ച് പറയുന്നുണ്ട്. പ്രായോഗിക തലത്തിലുള്ള സന്ദർഭം നോക്കി അഭിപ്രായം സ്വീകരിക്കേണ്ടതു നമ്മളാണ്. അതേ സമയം മറ്റു വേദഭാഗത്തിൽ നമുക്കു പ്രതികൂലമാകാതിരിക്കയും വേണം. യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്ന സത്യത്തിന്റെ എല്ലാ വശങ്ങളും നാം കണക്കിലെടുക്കണം എന്നർത്ഥം. യേശുക്രിസ്തു ശബ്ബത്തിൽ ഒരു രോഗിയെ സൗഖ്യമാക്കിയപ്പോൾ യെഹൂദന്മാർ അവനെ വിധിക്കയുണ്ടായി. അവൻ അവരോട് "മോശയുടെ ന്യായപ്രമാണത്തിന്നു നീക്കം വരാതിരിപ്പാൻ ശബ്ബത്തിലും മനുഷ്യൻ പരിഛേദന ഏല്ക്കുന്നു എങ്കിൽ ഞാൻ ശബ്ബത്തിൽ ഒരു മനുഷ്യനെ മുഴുവനും സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ? കാഴ്ച പ്രകാരം വിധിക്കരുത്. നീതിയുള്ള വിധി, വിധിപ്പിൻ (യോഹന്നാൻ 7:23–24). ഈ സന്ദർഭത്തിൽ വിധിക്കരുതു എന്നു കർത്താവ് പറയുന്നില്ല. പക്ഷെ അതു കാഴ്ച പ്രകാരം അരുത്; നീതിപൂർവ്വമായ ഒന്നായിരിക്കയും വേണം. മനുഷ്യ നീതിയല്ല ദൈവത്തിന്റെ നീതി എന്നും നാം അറിഞ്ഞിരിക്കണം. അപ്പോൾ വ്യത്യസ്തമായ രീതിയിലാണ് വിധിക്കേണ്ടത്. ചില കാര്യങ്ങളിൽ ചിലർ വിധിക്കയുമരുത്. ഉദ്ദേശശുദ്ധിയെ നാം മാനിക്കണം. കുറ്റപ്പെടുത്താനായി വിധിക്കുന്നവരുണ്ട്. അതു ദൈവ സന്നിധിയിൽ തെറ്റായ ഒരു വിധിയായിരിക്കും. ന്യായമായ വിവേചനം ഈ കാര്യത്തിൽ ഉണ്ടാകണം. ദൈവത്തിന്റെ വചനത്തിൽ പക്വത കൈവന്നവർക്കേ അതിനു കഴിയൂ എന്നു പറയാം.

"എല്ലാ സന്ദർഭങ്ങളും സാഹചര്യങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ" എന്ന അവകാശം ന്യായമായി നാം പരിഗണിക്കേണ്ടതാണ്. ഒരു മനുഷ്യനു ഒരു കാര്യത്തെക്കുറിച്ച് എല്ലാ അറിവും ലഭിക്കണം എന്നതു പ്രയാസകരമാണ്. ദൈവം അതു ആഗ്രഹിക്കുന്നുമില്ല. മറ്റൊരാളുടെ പ്രവൃത്തിയെ വിലയിരുത്തുന്നതു കാഴ്ചയിൽ ആയിരിക്കരുതു എന്നു കർത്താവ് പറഞ്ഞതു ഓർമ്മയില്ലേ? ഹൃദയ വിചാരങ്ങൾ ഒരാൾക്ക് മറ്റൊരാളുടെ അറിയാൻ സാദ്ധ്യമല്ല. നല്ല ഉദ്ദേശ

ത്തോടെ ഒരാൾ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിനെ മറ്റൊരു കാഴ്ചപ്പാടിൽ കണ്ട് ദുരാരോപണം ഉന്നയിക്കുന്ന പ്രവണത തെറ്റാണ്. പക്ഷെ സാഹചര്യത്തെ മുൻനിർത്തി പാപം ചെയ്യുന്ന അവസ്ഥയിലാണെങ്കിൽ അതു നീതീകരിക്കാവുന്നതല്ല. നമുക്കു ഗ്രഹിക്കാൻ പറ്റാത്ത കാര്യമാണെങ്കിൽ അതു ദൈവത്തിൽ ഭരമേല്പിക്കുക. ഒരു വ്യക്തിക്കു പാപം ചെയ്യുവാൻ ഒരവസരം സന്ദർഭോചിതമായി ലഭിക്കുന്നു എന്നു പറയാൻ പറ്റില്ല. യാദൃശ്ചികമായി സംഭവിച്ചു എന്നു പറയാവുന്നതല്ല. കാരണം അതു ചെയ്യുവാൻ തീരുമാനിച്ചുറപ്പിച്ച വ്യക്തിയാണ് അതു തിരഞ്ഞെടുത്തതു. ദാവീദിനു ഊരിയാവിന്റെ ഭാര്യയെ കണ്ട സന്ദർഭം അവനെ പാപത്തിലേക്കു നയിച്ചു എന്നു പറയാം. പക്ഷെ വേറൊരു സന്ദർഭത്തിൽ പൊത്തിഫേറിന്റെ ഭവനത്തിൽവെച്ച് യോസേഫിനുണ്ടായ ആ സന്ദർഭത്തിൽനിന്നും യോസേഫ് ഓടി രക്ഷപ്പെട്ടു. ദൈവത്തെ അനുസരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ അതോ അനുസരിക്കാതിരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ ഇതാണ് ഇവിടെ പ്രശ്നം.

സ്വന്തം അനുമാനം മാത്രം ശരി എന്നും മറ്റുള്ളവരുടെ അഭിപ്രായം ശരിയല്ലെന്നും ശഠിക്കുന്നതു അപകടമാണ്. നാം നമ്മെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠർ എന്നു എണ്ണണം.

★

# ദൈവത്തിന്റെ വിശുദ്ധസ്ഥലത്ത് നിറഞ്ഞ അനുഗ്രഹങ്ങൾ

***ജോണി രാംസെ***

73-ാം സങ്കീർത്തനത്തിൽ ലേഖകൻ, പൊതുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തെ എടുത്തു കാണിക്കുന്നുണ്ട്. എന്തുകൊണ്ട് ദുഷ്ടന്മാർ അഭിവൃദ്ധി പ്രാപിക്കുന്നു? പുരാതനമായ ആ കടംകഥ വെറുമൊരു വ്യാമോഹം മാത്രമാണെന്ന് സങ്കീർത്തനക്കാരൻ വിശദമാക്കുന്നു. "ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ ചെന്ന് അവരുടെ അന്ത്യം എന്താകും എന്നു ചിന്തിച്ചു. നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു, നീ അവരെ

നാശത്തിൽ തള്ളിയിടുന്നു" (സങ്കീർത്തനം 73:17). ദൈവശ്വാസീയ മായ എഴുത്തുകാരൻ പറയുന്നത് "ഞാൻ ദൈവത്തിന്റെ മന്ദിരത്തിൽ ചെല്ലുന്നതുവരെ കലക്കത്തിലായിരുന്നു അപ്പോൾ എനിക്ക് അതിന്റെ പൊരുൾ ഗ്രഹിപ്പാൻ കഴിഞ്ഞു. ദൈവത്തിന്റെ ഉദ്ദേശത്തെയാണ് എഴുത്തുകാരൻ വ്യക്തമാക്കുന്നത്. ഇത് നമ്മെ സംബന്ധിച്ചും അന്വർത്ഥമല്ലേ?

മന്ദിരം എന്ന വാക്കിന്റെ അക്ഷരാർത്ഥം "ദൈവസാന്നിദ്ധ്യത്തി നായി പണി കഴിച്ച വിശുദ്ധമായ ഘടന" എന്നതാണ്. മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ സമാഗമന കൂടാരവും ദൈവാല യവും യോഗ്യതയുള്ള വിശുദ്ധ മന്ദിരങ്ങളായിരുന്നു (എബ്രായർ 8:2; 9:1). എന്നാൽ ഇന്നു സ്തെഫാനോസ് പ്രഖ്യാപിച്ചതുപോലെ യാണ്. "അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല" (പ്രവൃത്തി 7:48). ദൈവത്തെ നമസ്ക്കരിക്കേണ്ടതിന്നാണ് പഴയനി യമ പ്രകാരം ഇങ്ങനെയുള്ള സ്ഥലം ഒരുക്കിയിരുന്നത്. പക്ഷെ ആ കാലശേഷം അതു മാറേണ്ടിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ പ്രസ്താവന ശ്രദ്ധിക്കുക, "നിങ്ങൾ പിതാവിനെ നമസ്ക്കരിക്കേണ്ടത് ഈ മലയിലുമല്ല യെരുശലേമിലുമല്ല എന്ന നാഴിക വരുന്നു." സത്യ നമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്ക രിക്കേണ്ട നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു (യോഹന്നാൻ 4:21-24). ഇന്നു നമ്മുടെ ഹൃദയങ്ങളിലാണ് പ്രത്യേക സ്ഥാനം നാം ദൈവത്തിനു നല്കേണ്ടത് (1 പത്രൊസ് 3:15). അങ്ങനെ സുവിശേഷ യുഗത്തിൽ, ക്രിസ്തീയ ജീവിതത്തിലും സഭയിലും വിശുദ്ധ മന്ദിരം കണ്ടെത്താൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 3, 6 എന്നീ അദ്ധ്യായ ങ്ങൾ).

രാജകീയ പുരോഹിത വർഗ്ഗമായിട്ട് നാം എല്ലായ്പ്പോഴും ദൈവ മുൻപാകെ കാണപ്പെടണം. ആദാമും ഹവ്വയും ദൈവ സന്നിധിയിൽ നിന്നും ഓടി ഒളിച്ചതുപോലെ ഓടാൻ ശ്രമിക്കരുത്. അല്ലെങ്കിൽ ശൗലി നെപോലെ സത്യത്തിൽ നിന്നും അകന്നു മാറിനിന്നു സംസാരിക്ക രുത്. പത്രൊസിനെ പോലെ പുറത്തു തീ കാഞ്ഞുകൊണ്ടിരുന്നാൽ അതു നമ്മെ ശക്തീകരിക്കയില്ല. യോനെയെപോലെ മറ്റൊരു ദിക്കി ലേക്ക് സഞ്ചരിക്കാവുന്നതുമല്ല. ബുദ്ധിയോടെ ദൈവ സന്നിധിയിൽ

നില്ക്കുവാനാണ് നാം ഓരോരുത്തരും ശ്രമിക്കേണ്ടത്. ലക്ഷ്യബോധമില്ലാതെ അലഞ്ഞു നടക്കുവാൻ സംഗതിയാകുന്നത് ദൈവിക സ്വാധീനവും സാന്നിദ്ധ്യവും തിരിച്ചറിയാത്തതു നിമിത്തമാണ്. പൗലൊസ്, ദാവീദ്, ദാനിയേൽ എന്നിവരെ നാം പരിശോധിച്ചാൽ അവർ ലക്ഷ്യത്തിലൂടെ സഞ്ചരിച്ചിരുന്നതായി നമുക്കു മനസ്സിലാക്കാം (ഫിലിപ്പിയർ 3:8-10; സങ്കീർത്തനങ്ങൾ 42:1; ദാനിയേൽ 6:10). സങ്കീർത്തനം 73 ന്റെ 17 ൽ നിന്നും വലിയ മൂന്നു പാഠങ്ങൾ നമുക്കു വിലയിരുത്താം.

## *സമീപിക്കാവുന്നവനാണു ദൈവം*

ലോകത്തിലുള്ള എല്ലാം ലോകത്തോടൊപ്പം സൃഷ്ടിച്ച നമ്മുടെ ദൈവം വിദൂരസ്ഥനല്ല എന്നതു വിസ്മയകരം തന്നെ (പ്രവൃത്തി 17). ആകാശം ഭൂമിയിൽ നിന്ന് അകന്ന് ഉയരങ്ങളിൽ ഇരിക്കുന്നതു പോലെ ആയിരുന്നാലും ദൈവത്തെ നമുക്ക് അന്വേഷിച്ച് കണ്ടെത്താം (യെശയ്യാവ് 55:6-9). ഓറൽ റോബർട്സിന്റെ അനുയായികൾ ചെയ്യുന്നതുപോലെ നാം പ്രാർത്ഥനാ കാർഡുമായി ലൈനിൽ ക്യൂ നിൽക്കേണ്ട ആവശ്യമില്ല. റോമൻ കത്തോലിക്കർക്കു ദൈവത്തിന്റെ പ്രതിനിധിയായി ഭൗമിക പിതാവുള്ളതു പോലെ നമുക്ക് ഒരു ആത്മിക പിതാവ് ഭൂമിയിൽ ആവശ്യമില്ല. അവന്റെ മക്കൾക്കു ദൈവം സമീപസ്ഥൻ തന്നെ. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു മുഖാന്തരം നമുക്ക് നേരിട്ട് അവന്റെ അടുക്കൽ ചെല്ലാം. ഏലീയാവ്, ബാൽ വിഗ്രഹത്തെ സേവിച്ചു വന്ന പ്രവാചകന്മാരെ വെല്ലുവിളിക്കയുണ്ടായി. "തീ ഇടാതെ നിങ്ങളുടെ ദേവന്റെ നാമത്തിൽ അപേക്ഷിപ്പിൻ. ഞാൻ യഹോവയുടെ നാമത്തിൽ വിളിച്ചപേക്ഷിക്കും." എന്നാൽ ബാൽ ഉത്തരമരുളിയില്ല. യഹോവ, ഏലിയാവിന്റെ അപേക്ഷ കൈക്കൊണ്ടു. ഹബക്കൂക്ക് പറയുന്നത് കേൾക്കുക: ഒരു ബിംബത്തെ കൊത്തിയുണ്ടാക്കുവാൻ അതിനാലോ പണിക്കാരൻ വ്യാജം ഉപദേശിക്കുന്ന വാർപ്പു വിഗ്രഹത്തിൽ ആശ്രയിച്ചുകൊണ്ടു ഊമ മിത്ഥ്യാ മൂർത്തികളെ ഉണ്ടാക്കുവാൻ അതിനാലോ എന്തു പ്രയോജനം ഉള്ളു? മരത്തോടു ഉണരുക

എന്നും ഊമക്കല്ലിനോടു എഴുന്നേല്ക്ക എന്നും പറയുന്നവനു അയ്യോ കഷ്ടം! അതു ഉപദേശിക്കുമോ? അതു പൊന്നും വെള്ളിയും പൊതിഞ്ഞിരിക്കുന്നു. അതിന്റെ ഉള്ളിൽ ശ്വാസം ഒട്ടും ഇല്ലല്ലോ. എന്നാൽ യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്. സർവ്വ ഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ (ഹബക്കൂക്ക് 2:18–20).

## *ദൈവിക സാന്നിദ്ധ്യത്തിന്റെ ഫലമാണ് അനുഗ്രഹങ്ങൾ*

ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യം വളരെ ശ്രേഷ്ഠമാണ്. ദൈവത്തെ ആരാധിക്കുന്നതിന്റെ മാഹാത്മ്യവും ശക്തിയും എത്രമാത്രമെന്നു യെശയ്യാവിന്റെ പുസ്തകത്തിൽ ഒരു പ്രവചന ചിത്രം വരച്ചു കാണിക്കുന്നുണ്ട്. ദൈവത്തിന്നായി സമർപ്പിക്കപ്പെട്ട പ്രവാചകൻ തന്നെത്തന്നെ ദൈവത്തോടുള്ള പ്രതിബദ്ധതക്കു ഉടമയാക്കി മാറ്റുന്നു. ആദരവും മാനവും ദൈവത്തിനു നല്കിയപ്പോഴുണ്ടായ ധന്യത അവർണ്ണനീയം തന്നെയാണ്. സ്വർഗ്ഗീയ ഹിതം നിറവേറ്റുവാൻ യെശയ്യാവ് തന്നെത്തന്നെ താഴ്ത്തി സൈന്യങ്ങളുടെ യഹോവയെ ഉയർത്തി. അതാണ് ഇന്ന് നമ്മുടെ കൂടിവരവും ആരാധനയും. സഭായോഗം കൂടി വരുന്നതിന്റെ ഉദ്ദേശം, ദൈവത്തിനു പുകഴ്ചയും മാനവും മഹത്വവും കൊടുക്കുക എന്നതാണ്. ആത്മിയ വളർച്ചക്കു നിദാനമായി മാറുന്ന ആരാധന സദുദ്ദേശത്തോടു കൂടെയാകണം. സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണ് ദൈവം ഓരോരുത്തരിൽ നിന്നും ആഗ്രഹിക്കുന്നത്. വിശുദ്ധന്മാരുടെ സഹവർത്തിത്വം സൗരഭ്യ വാസനയാകണം. നമ്മുടെ ആരാധനക്കുശേഷം നമ്മുടെ സഹസഹോദരങ്ങൾക്കു നന്മ ചെയ്യുവാൻ നമുക്കു അതു പ്രചോദനമായി തീരണം. രഹസ്യമായ ആരാധനയും ആത്മിക വർദ്ധനവിന്നായിരിക്കണം. നാം എല്ലാവരും തനിയെ ആയിരിക്കയും ദൈവത്തോടു അടുക്കാതിരിക്കയും ചെയ്യുമ്പോൾ നമ്മുടെ മതപരമായ പ്രവൃത്തികൾ വൃഥാവായി തീരുന്നു.

✱

# സത്യം വില്ക്കുകയല്ല വാങ്ങുകയത്രെ വേണ്ടത്

## റ്റി. പിയേഴ്സ് ബ്രൌൺ

മനസ്സിന്റെ ഉപരിതലത്തിലേക്ക് ഒരു ചോദ്യം ഉയർന്നുവരാൻ സാദ്ധ്യതയുണ്ട്. ആരും വില്ക്കുന്നില്ലെങ്കിൽ ഒരാൾക്ക് എങ്ങനെ വാങ്ങാൻ പറ്റും? എന്നാൽ സദൃശവാക്യങ്ങൾ 23-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ശലോമോൻ പ്രതിപാദിക്കുന്നതു ഭൗതിക വസ്തുക്കളുടെ വ്യാപാരമല്ല. നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം നേടിതന്നതു നമ്മുടെ പൂർവ്വിക പിതാക്കളുടെ കഠിന പ്രയത്നവും രക്തച്ചൊരിച്ചിലും ആയിരുന്നു. ക്രിസ്തീയ അവകാശത്തിനായി അനേകം പേർ രക്ത സാക്ഷിത്വം വഹിച്ചു. പക്ഷെ അവരാരും ഇതൊന്നും വില്ക്കുകയോ വാങ്ങുകയോ ചെയ്തതല്ല.

ഈ ആശയത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്നതു സത്യത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുമ്പോഴത്രെ സത്യത്തെ ഉയർത്തി കാണിക്കുവാൻ ധാരാളം പേർ നിതാന്ത പരിശ്രമം നടത്തിയ ചരിത്രം നമുക്ക് മറക്കാൻ പറ്റുന്നതല്ല. എന്നാൽ അസംഖ്യം പേർ ഒന്നോ അതിലധികമോ കാരണങ്ങളാൽ സത്യത്തെ വിറ്റുകളഞ്ഞതായും വിവരണമുണ്ട്. സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു കർത്താവ് പറഞ്ഞപ്പോൾ (യോഹന്നാൻ 8:32) അതിൽ വിശാലമായ ഒരു തത്വം ഉൾക്കൊണ്ടിരിക്കുന്നു. ചരിത്രപരമായ സത്യത്തെ കുറിച്ചുള്ള അറിവ് നമുക്കു പല കാര്യങ്ങളിലും സ്വാതന്ത്ര്യം തരുന്നു. വിശേഷിച്ച് ആവർത്തിച്ചുള്ള തെറ്റുകൾ ഉപേക്ഷിക്കാൻ കഴിയും. ശാസ്ത്രീയ സത്യത്തെ കുറിച്ചുള്ള അറിവ് ആ രംഗത്തുള്ള അന്ധവിശ്വാസങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം നേടി തരുന്നു. മുൻപെങ്ങും കണ്ടെത്താൻ കഴിയാതിരുന്ന പലതും കൈപ്പിടിയിൽ ഒതുങ്ങുന്നതായി തീർന്നു.

സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള അറിവു കൊണ്ട് ദാരിദ്ര്യാവസ്ഥയിൽ നിന്നു മോചനം ലഭിക്കുന്നു. വൈദ്യശാസ്ത്ര രംഗത്തെ കുറിച്ചുള്ള അറിവ് മനുഷ്യരെ പല രോഗങ്ങളിൽ നിന്ന് സ്വതന്ത്രരാക്കുന്നു. രാജ്യത്തെ മഥിക്കുന്ന പല ബാധകളിൽ നിന്നും മോചനം വേണമെങ്കിൽ ധാർമ്മികവും വർഗ്ഗീയവുമായ സത്യത്തെ

മനസ്സിലാക്കിയിരിക്കണം. മതപരമായ സത്യത്തെ അറിയുമ്പോൾ പലവിധ പാപങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും ആളുകൾക്കു വിടുതൽ കിട്ടുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നു യേശു പറഞ്ഞത് യാദൃശ്ചികമായി അറിയുമെന്നോ അത്ഭുതകരമായി സ്വതന്ത്രരാക്കുമെന്നോ അല്ല. ഓരോ വ്യക്തിക്കും ആത്മീയമായ സത്യം അറിയുവാനുള്ള അവസരം ലഭിക്കും. അതു ശരിയായി പ്രയോഗിച്ചാൽ ആ വ്യക്തിക്കു പ്രയോജനം ലഭിക്കും. സ്വതന്ത്ര ചിന്താഗതിക്കനുസരിച്ചാണല്ലോ മനുഷ്യൻ പ്രവർത്തിക്കുന്നത്. അതുകൊണ്ട് അതിന്റെ ഗുണവും ദോഷവും അനുഭവിപ്പാൻ അവൻ കടപ്പെട്ടിരിക്കുന്നു. ദൈവം ആരേയും നിർബന്ധിച്ച് ഒന്നും ചെയ്യിക്കയില്ല, തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എപ്പോഴും നമ്മിൽ ഉണ്ട്.

ശരിയായ മനോഭാവത്തോടെ ഒരാൾക്കു പ്രതികരിക്കാൻ മതിയായ അധികാരം മറ്റൊന്നിനാലും കിട്ടുന്നതല്ല. സത്യത്തിന്റെ വേഷം ധരിച്ചിരിക്കുന്ന വ്യക്തിക്കു മാത്രം അതിനു കഴിയും. എവിടെയാണെങ്കിലും സത്യം അന്വേഷിക്കുവാനും കണ്ടെത്തുവാനും അനുസരിക്കുവാനും എവിടെയായാലും നയിക്കപ്പെടുവാനും അത് പരിശീലിക്കുവാനും ഫലമെന്തായാലും സത്യത്തിൽ ഉറച്ചുനില്പാനും ഉള്ള കടമ എല്ലാവർക്കും ഉള്ളതാണ്. പക്ഷെ പലരും ആ കർത്തവ്യത്തെ ദുർവിനിയോഗം ചെയ്യുന്നു എന്നതു പരിതാപകരമത്രെ.

മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ, സാധാരണ ഇടപാടുകളിൽ നാം സത്യത്തെ വിചാരിക്കുകയാണെങ്കിൽ, നമുക്ക് പെട്ടെന്ന് കാണാൻ കഴിയുന്നത് അപ്പൊസ്തലനായ പൗലൊസിന്റെ പ്രബോധനമാണ്. "ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിപ്പിൻ, നാം തമ്മിൽ അവയവങ്ങളല്ലൊ" (എഫെസ്യർ 4:25). ക്രമമുള്ള ജീവിതം നയിക്കുന്ന ഒരു സമൂഹത്തിനു കമ്മ്യൂണിസത്തിനു പോലും സത്യത്തിന്റെ വില മനസ്സിലാക്കുന്നതിൽ സംഭവിക്കുന്ന പരാജയമാണ് ക്രമരഹിതമായ ജീവിതത്തിന്റെ മുഖ്യ കാരണങ്ങളിൽ ഒന്ന്. സത്യത്തിന് എന്നും അതിന്റേതായ വിലയുണ്ട്. ആർക്കും നിഷേധിക്കാനാകാത്ത യാഥാർത്ഥ്യമാണ് അത്.

✱

## വാർത്തകൾ

### ഇന്ത്യയിലെ കപ്പൽ വിനോദസഞ്ചാരം മൂന്നിരട്ടിയാകും

അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചാൽ രാജ്യത്തെ കപ്പൽ വിനോദ സഞ്ചാരികളുടെ എണ്ണം 2010 നുള്ളിൽ മൂന്നിരട്ടിയാകുമെന്നു പഠനം. അനേകം വിദേശ, സ്വദേശ കമ്പനികളാണ് ഈ രംഗത്തേക്കു കടന്നു വരുന്നത്. സ്വകാര്യ കമ്പനികൾക്കു കൂടുതലായി പ്രവർത്തനാനുമതി കൊടുത്തെങ്കിലേ ഈ രംഗത്തു വൻ വികസനം സാധ്യമാകൂ എന്നും പഠനത്തിൽ പറയുന്നു. ഫിക്കി ഇവാല്യൂ സെർവ് ആണു പഠനം നടത്തിയത്.

*

### വിദേശ ഭാഷ വശമെങ്കിൽ സഞ്ചാരിയെ നയിക്കാം

വിദേശ ഭാഷ അറിയാവുന്നവർക്കു തൊഴിലവസരം ഒരുങ്ങുന്നു. പരമാവധി വിനോദ സഞ്ചാരികളെ ആകർഷിക്കുകയെന്ന പദ്ധതിയുടെ ഭാഗമായി നൂറുകണക്കിനു പാർട്ട് ടൈം വിദേശ ഭാഷാ ടൂറിസം ഗൈഡുകളെ നിയോഗിക്കാൻ നടപടി തുടങ്ങി. 2010 ലെ കോമൺവെൽത്ത് ഗയിംസ് കാലം വൻ വിനോദ സഞ്ചാരകാലമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലാണു കേന്ദ്ര ടൂറിസം വകുപ്പിന്റെ നീക്കം.

*

### കമ്പനിയാക്കുന്നതു വൈദ്യുതിരംഗം കുത്തകകൾക്കു തീറെഴുതാനെന്ന്

വൈദ്യുതി രംഗം സ്വകാര്യകുത്തകകൾക്കു തീറെഴുതാനുള്ള മാർക്സിസ്റ്റു പാർട്ടിയുടെ ഗൂഢലക്ഷ്യമാണു വൈദ്യുതി ബോർഡിനെ കമ്പനിയാക്കാനുള്ള സർക്കാരിന്റെ ധൃതിപിടിച്ച

നീക്കത്തിനു പിന്നിലെന്ന് എഐസിസി മെംബർ തമ്പാനൂർ രവി ആരോപിച്ചു.

വൈദ്യുതിനിയമം 2003 ൽ ഭേദഗതി വരുത്താൻ കേന്ദ്രത്തിൽ സമ്മർദം ചെലുത്താൻ സർവകക്ഷി സംഘത്തെ അയയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✶

## പരീക്ഷ നടത്തിയാലും ശിക്ഷയോ?

വികലപരീക്ഷണങ്ങൾകൊണ്ടു ജനങ്ങളെ അമ്പരപ്പിക്കുന്ന കേരള വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ തമാശയാണ് ഓണപ്പരീക്ഷ നടത്തുന്ന സ്കൂളുകൾക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കാനുള്ള പുറപ്പാട്.

പരീക്ഷയെന്നാൽ കുട്ടികളെക്കൊണ്ട് എന്തെങ്കിലുമൊക്കെ എഴുതിച്ചോ ചെയ്യിച്ചോ വിലയിട്ടു മാർക്ക് അറിയിക്കുന്ന വ്യായാമമാണെന്ന ധാരണയാണ് ഈ തീരുമാനത്തിന്റെ പിന്നിലുള്ളതെന്നു വ്യക്തം.

✶

## അജ്ഞാതഗ്രഹത്തിലേക്ക് ഈ യാത്ര

പ്രഫസർ രാംചന്ദ് ദൂരദർശിനിയിലൂടെ UCFR ലേക്കു നോക്കിയിരിക്കുകയാണ്. 'UCFR' രാംചന്ദ് കണ്ടെത്തിയ അജ്ഞാത ഗ്രഹമാണ്. സഹായി അനിലിനോടൊപ്പം അനേകമാണ്ടുകളുടെ പരിശ്രമത്തിന്റെ ഫലമാണ് UCFR എന്ന ഭൂമിയോടു സാദൃശ്യമുള്ള ഗ്രഹത്തിന്റെ കണ്ടെത്തൽ. എന്നാൽ ഇതു രഹസ്യമാണ്. പുറംലോകമറിയാത്ത പരമ രഹസ്യം.

✶

## ഇനി ലണ്ടൻ

ഒരു കായികവിനോദത്തിന്റെ ചരിത്രം ഒരു നാടിന്റെയും ചരിത്രമാണ്. അന്നാട്ടിലെ കാലാവസ്ഥയും സംസ്കാരവുമൊക്കെ

പ്രസ്തുത കായിക ഇനത്തിന്റെ പ്രചാരത്തിലും വളർച്ചയിലും കാര്യമായ പങ്കുവഹിക്കുന്നു. ഇവിടങ്ങളിലെ കായികതാരങ്ങൾക്ക് പ്രസ്തുത ഇനങ്ങളിൽ നൈസർഗികമായ വാസനയുണ്ടാകും. ഇതു പരിപോഷിപ്പിച്ചാൽ ഒളിംപിക്സ് മെഡൽവരെ കൈപ്പിടിയിലാകും. ആശയം പുതിയതല്ല. പക്ഷെ, ഇത്തരമൊരു ആശയം ഇന്ത്യയുടെ സ്പോർട്സ് ഭരണതലത്ത് സജീവമായത് എൺപതുകളുടെ രണ്ടാം പകുതിയിൽ മാത്രം. 1985 ലെ ദേശീയ ഗെയിംസിനുശേഷമെന്നു പറയാം.

✷

## ഒറീസയിൽ രണ്ടു പള്ളികൾ കൂടി അഗ്നിക്കിരയാക്കി

വർഗീയ കലാപം പടരുന്ന ഒറീസയിലെ കാണ്ടമാൽ, കോരാപുട്ട് ജില്ലകളിൽ സമാധാനം പുനസ്ഥാപിക്കാനായി കൂടുതൽ സുരക്ഷാ സൈനികരെ വിന്യസിച്ചു. അതേ സമയം, ബൈപാരിഗുഡയിൽ രണ്ടു ക്രിസ്ത്യൻ പള്ളികൾകൂടി അഗ്നിക്കിരയായി. വിവിധ അക്രമ കേസുകളിലായി കോരാപുട്ടിൽ ഇന്നലെ ആറു പേരെ അറസ്റ്റ് ചെയ്തു.

✷

## രാപകലുകളിൽ ഇനി വ്രതശുദ്ധി, സത്കർമം

ഇനി വ്രതശുദ്ധിയുടെയും ആത്മസംസ്കരണത്തിന്റെയും നാളുകൾ. പുണ്യങ്ങളുടെ പൂക്കാലമായ റമസാൻ സമാഗതമായി. പൊന്നാനിയിൽ മാസപ്പിറവി കണ്ടതായി വിവിധ ഖാസിമാരും ഹിലാൽ കമ്മിറ്റി ഭാരവാഹികളും ഉറപ്പിച്ചതോടെയാണ് സത്കർമങ്ങളുടെ വസന്തമായ റമസാന് സമാരംഭമായത്.

✷

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
## SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny
David, Church of Christ, B-350, Chitharanjan
Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday
at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays,
Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays,
Thursdays, 2.00 P.M-2.15 P.M. Speaker,
Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 September**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378